21-5-2014-ലെ പരിസ്ഥിതി വകുപ്പിന്റെ സ.ഉ.(പി) നമ്പർ 6/14/പരിസ്ഥിതി ഉത്തരവുപ്രകാരം 1978-ലെ ഉത്തരവ് റദ്ദുചെയ്യുകയുണ്ടായി. ഇക്കാര്യം അഡീഷണൽ കൗണ്ടർ അഫിഡവിറ്റ് ആയി തയ്യാറാക്കി ജൂൺ 30-ന് സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡർ അയച്ചുകൊടുത്തിട്ടുണ്ട്. ജൂൺ മാസം 1 മുതൽ 30 വരെ ട്രൈബ്യൂണലിന് അവധിയായിരുന്നു. 6-8-2014-ന് അവധിക്കുവച്ചിരുന്ന ഈ കേസ് നേരത്തെതന്നെ പരിഗണിക്കുന്നതിന് പ്രത്യേകമായി ഒരു അഭ്യർത്ഥന ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിലെ ഒന്നാം കക്ഷിയായ ഡയറക്ടർ, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടില്ല എന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് 7-6-2014-ലെയും 27-6-2014-ലെയും കത്തുകൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

കുടുവീട്ടിക്കടവ് പാലം

308 (7278) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോര ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോരഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പടന്ന-തോട്ടുകര പാലം

309 (7280) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലം പണിയാൻ 4.60 കോടി രൂപ കഴിഞ്ഞ സർക്കാർ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും നാളിതുവരെ പാലം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലത്തിന് ജി.ഒ.(ആർ‌റ്റി.) നമ്പർ 1044/09/പൊ.മ.വ. തീയതി 14-7-2009 പ്രകാരം 460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പാലം നിർമ്മാണത്തിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly